സ്വകാര്യ വൊക്കേഷണൽ നോൺ എൻജിനീയറിംഗ് സ്ഥാപനങ്ങൾക്ക് തുടർച്ചാനുമതിയും വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

21 (2571) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിന്റെ അംഗീകാരമുള്ള സ്വകാര്യ വൊക്കേഷണൽ നോൺ എൻജിനീയറിംഗ് സ്ഥാപനങ്ങൾക്ക് തുടർച്ചാനുമതിയും വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് ഏത് വർഷം മുതലാണ് തുടർച്ചാനുമതി നൽകുന്നത് ;

(സി) സർക്കാർ അംഗീകാരവും വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചുത്തരവായ വർഷത്തേയ്ക്ക് തന്നെ ഏതെങ്കിലും സ്ഥാപനത്തിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ തുടർച്ചാനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്ത്; ഈ സ്ഥാപനം ഏതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിലവിലുള്ള നിബന്ധനകൾക്ക് വിരുദ്ധമായി അംഗീകാരം നൽകിയ അതേ വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകാൻ കാരണമായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തുടർച്ചാനുമതിക്കുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1. സ്ഥാപനത്തിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ തുടർച്ചാനുമതി ലഭിച്ചിരിക്കണം.
2. അധ്യാപകരുടെ നിയമനം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ചിരിക്കണം.
3. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിഷ്ക്കർഷിച്ചിട്ടുള്ള പഠനോപകരണങ്ങളും സ്ഥല സൗകര്യങ്ങളും ഉണ്ടായിരിക്കണം.
4. ഫണ്ടിന്റെ ലഭ്യത, വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നു.
    1. വിദ്യാർത്ഥികളെ അംഗീകൃത കമ്മിറ്റി തെരഞ്ഞെടുത്തതായിരിക്കണം.
    2. ഒരു ഡിവിഷനിൽ കുറഞ്ഞത് 12 കുട്ടികൾ ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

3. നിശ്ചിത ശതമാനം സീറ്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റനർഹ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം നൽകിയിരിക്കണം.

4. മുൻവർഷം ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളിൽ 75 ശതമാനം പേർ പരീക്ഷ എഴുതിരിക്കണം.

(ബി) അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ അടുത്ത വർഷം മുതൽ തുടർച്ചാനുമതി നൽകി വരുന്നു.

(സി) ഉണ്ട്.

(ഡി) വാകത്താനം പട്ടികജാതി സർവ്വീസ് സഹകരണസംഘം നടത്തുന്ന സ്കൂളിന് പ്രത്യേക കേസ്സായി പരിഗണിച്ച് 1994-95-ൽ സർക്കാർ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ അതേ വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ പട്ടികജാതി വികസന വകുപ്പു നൽകിയ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കല്ലിയൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യ ബാച്ച് കുട്ടികൾക്ക് ആനുകൂല്യം നൽകാൻ ഗവ.ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥാപനത്തിനും തുടർച്ചാനുമതി നൽകിയിട്ടുണ്ട്.

(ഇ) കല്ലിയൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യത്തിൽ തെറ്റായി റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുകയും വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

പെരിങ്ങോം-വടകര പഞ്ചായത്തിലെ അംബേദ്കർ ഗ്രാമത്തിലെ വികസന പ്രവർത്തികൾ

22 (2572) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മന്ത്രിക്ക് തൃക്കരിപ്പൂർ എം. എൽ.എ. നൽകിയ നിവേദനത്തെ തുടർന്ന് കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വടകര പഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. അംബേദ്കർ ഗ്രാമങ്ങളിൽ ഏതെങ്കിലും പ്രവൃത്തികൾ നടത്താൻ 9-2-2000-ൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഈ പ്രവർത്തികൾ എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 13-3-2000-ൽ താഴെ പറയുന്ന പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly